(ബി) കമ്മീഷൻ കടാശ്വാസം അനുവദിച്ചശേഷം സർക്കാർ നടപടി ക്രമങ്ങൾ മൂലമുണ്ടാകുന്ന കാലതാമസത്തിന് കർഷകനിൽ നിന്നും പലിശ ഈടാക്കുന്നതിന് പകരം സർക്കാർ തന്നെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കടാശ്വാസം ശുപാർശ ചെയ്തുകൊണ്ട് കടാശ്വാസ കമ്മീഷൻ പുറപ്പെടുവിക്കുന്ന അന്തിമ ഉത്തരവുകൾ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് കടാശ്വാസം അനുവദിച്ചുവരുന്നുണ്ട്. കൃഷി വകുപ്പിൽ നിന്നും ആവശ്യമായ തുക യഥാസമയം സഹകരണസംഘം രജിസ്ട്രാറുടെ റ്റി.എസ്. ബി. അക്കൗണ്ടിൽ നിക്ഷേപിക്കുന്നുമുണ്ട്.

കർഷക ആത്മഹത്യ

198 (5608) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാർഷിക രംഗത്ത് കടംമൂലം കൃഷിക്കാർ ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ ഉണ്ടാകാറുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കാർഷിക കടം മൂലം കൃഷിക്കാർ ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ ഇപ്പോൾ റിപ്പോർട്ട് ചെയ്തിട്ടില്ല. കർഷക ആത്മഹത്യകൾ ഇപ്പോൾ ശൂന്യാവസ്ഥയിലെത്തിയതായി വിവിധ റിപ്പോർട്ടുകൾ പറയുന്നു.

നെൽകർഷകർക്കായുള്ള കന്നുകാലി-കോഴി വളർത്തൽ യൂണിറ്റുകൾ

199 (5609) ശ്രീമതി ജെ. അരുന്ധതി :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ:
ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകർഷകർക്ക് കന്നുകാലി-കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകുമോ ; പദ്ധതി പ്രകാരം ഒരു യൂണിറ്റ് ആരംഭിക്കുന്നതിന് എത്ര രൂപയാണ് ധനസഹായം നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഒരു യൂണിറ്റിൽ എത്ര പശുവും കോഴിയും ഉൾപ്പെടുമെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഏതെല്ലാം ജില്ലകളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട് ; എത്രപേർക്ക് പ്രയോജനം ലഭിച്ചു ; ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ യൂണിറ്റുകൾക്ക് സഹായം നൽകുമോയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 'ഭക്ഷ്യസുരക്ഷാ പദ്ധതി 2009-10'-ൽ ഉൾപ്പെടുത്തി നെൽകർഷകർക്കായി കന്നുകാലി - കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് 140 ലക്ഷം രൂപയുടെ ധനസഹായം നൽകുന്ന പദ്ധതി മൃഗസംരക്ഷണ വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി നെൽകർഷകർക്കായി പശുവളർത്തൽ പദ്ധതി നടപ്പിലാക്കുന്നതിന് നടപ്പു സാമ്പത്തിക വർഷം 250 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 1250 കർഷകർക്ക് പശുക്കളെ ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

2009-10 സാമ്പത്തിക വർഷം സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി പത്തനംതിട്ട, തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ കർഷകർക്ക് പശുവളർത്തലിനും കോഴി വളർത്തലിനും ധനസഹായം ലഭ്യമാക്കിയിരുന്നു. 1000 യൂണിറ്റുകൾക്ക് (1 യൂണിറ്റ് = 1 പശു + 5 കോഴി) 14,000 രൂപ നിരക്കിൽ 140 ലക്ഷം രൂപയാണ് ധനസഹായം നൽകിയത്.

(സി) ഒരു യൂണിറ്റിൽ ഒരു പശുവും 5 കോഴിയും ഉൾപ്പെടുന്നു.

(ഡി) 2009-10 സാമ്പത്തിക വർഷം ഈ പദ്ധതി, സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി പത്തനംതിട്ട, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ നടപ്പാക്കിയിരുന്നു, ആയിരം നെൽകർഷകർക്കാണ് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭ്യമായത്. ഈ വർഷം ഭക്ഷ്യ സുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി 250 ലക്ഷം രൂപയുടെ ഉപ പദ്ധതി മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഒരു യൂണിറ്റിന് 20,000 രൂപ ധനസഹായം നൽകി 1250 യൂണിറ്റുകൾ തുടങ്ങുന്നതാണ്.

രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി

200 (5610). ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ വെള്ളനാട്, നെടുമങ്ങാട് ബ്ലോക്കുകളിൽ നിന്നും എത്ര പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കുമോ ;

(ബി) പ്രസ്തുത പ്രോജക്ടുകളിൽ നിന്നും ഏതൊക്കെ പ്രവൃത്തികൾക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly